# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 256 — 28.06.2016 ൽ – മറുപടിക്ക്

## പുതുക്കിയ റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.എം. മണി : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | റേഷൻ കാർഡുകൾ പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; പുതുക്കിയ റേഷൻ കാർഡ് എന്നു മുതൽ വിതരണം ചെയ്യുവാൻ കഴിയും; | (എ) | റേഷൻ കാർഡ് പുതുക്കി നൽകുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്. കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്ത് താലൂക്ക്തല റാങ്കിംഗ് നടത്തി കരട് മുൻഗണനാ/ മുൻഗണനേതര പട്ടിക പ്രസിദ്ധീകരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. കരട് പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ചതിന് ശേഷം പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതാണ്. |
| (ബി) | റേഷൻ കാർഡ് പുതുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കഴിഞ്ഞ ഒന്നര വർഷമായി നടക്കുന്നതിനാൽ റേഷൻ കാർഡ് ഇല്ലാത്തവരുടെ പുതിയ റേഷൻകാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | റേഷൻ കാർഡ് പുതുക്കി നൽകുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം (ആർ.സി.എം.എസ്) മരവിപ്പിച്ചിരിക്കുന്നതിനാൽ താൽക്കാലിക റേഷൻ കാർഡുകൾ നൽകി വരുന്നു. |
| (സി) | നിലവിൽ ഒരു റേഷൻ കാർഡിലും ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് സർക്കാർ സഹായത്തിലൂടെ ലഭിക്കുന്ന വീട്, കാരുണ്യ ചികിത്സാ സഹായം തുടങ്ങിയവ നഷ്ടപ്പെടുന്ന സാഹചര്യം പരിഗണിച്ച് റേഷൻ കാർഡ് അടിയന്തിരമായി അനുവദിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തി നൽകുമോ? | (സി) | നൽകുന്നതാണ്. ഏറ്റവും അടിയന്തിര ഘട്ടങ്ങളിൽ താൽക്കാലിക റേഷൻ കാർഡുകൾ നൽകി വരുന്നുണ്ട്. |

Thulaesn

സെക്ഷൻ ഓഫീസർ